"ഭരണഭാഷ - മാതൃഭാഷ"

നം:എൻ.എം.എ(1)-6076/2021/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ജഗതി, തിരുവനന്തപുരം- 695 014
ഫോൺ:-0471-2580 548

തീയതി : 09/02/2022

പ്രേക്ഷകൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ,

സ്വീകർത്താവ്
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കൂൾ ഉച്ചഭക്ഷണ പദ്ധതി - 2021-22 - സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഭക്ഷ്യ ഭദ്രതാ അലവൻസ് - സ്കൂളുകൾക്ക് ആവശ്യമായ അരി ഇൻഡന്റ് ചെയ്യുന്നത്- സംബന്ധിച്ച്

സൂചന :- സ.ഉ (സാധാ) നം. 3480/2021/പൊ.വി.വ തീയ്യതി:-27.07.2021

*******************

"കോവിഡ് -19" ന്റെ പശ്ചാത്തലത്തിൽ, ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ സ്കൂൾ കുട്ടികൾക്കും 2021-22 അദ്ധ്യയന വർഷം സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നത് വരെ ഭക്ഷ്യ ഭദ്രതാ അലവൻസ് ഭക്ഷ്യകിറ്റുകളായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ (സപ്ലൈകോ) സഹകരണത്തോടെ വിതരണം ചെയ്യുന്നതിനുള്ള അനുമതി മേൽ സൂചന പ്രകാരം സർക്കാർ നൽകിയിരുന്നു. പ്രസ്തുത അനുമതിയുടെ അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഹായ സഹകരണത്തോടെ 2021 ഏപ്രിൽ മുതൽ 2021 ആഗസ്റ്റ് വരെയുള്ള 5 മാസങ്ങളിലെ ഭക്ഷ്യ ഭദ്രതാ അലവൻസ് പദ്ധതിയുടെ പരിധിയിൽ വരുന്ന എല്ലാ കുട്ടികൾക്കും വിതരണം ചെയ്യുവാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞു. 2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണമാണ് ഇനി നടത്തേണ്ടത്.

2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലേക്ക് പ്രൈമറി വിഭാഗത്തിന് 39 ദിവസങ്ങൾക്കും അപ്പർ പ്രൈമറി വിഭാഗത്തിന് 44 ദിവസങ്ങൾക്കുമുള്ള ഭദ്രതാ അലവൻസാണ് വിതരണം ചെയ്യേണ്ടത്. ഓരോ വിഭാഗത്തിലും വരുന്ന കുട്ടികൾക്ക് വിതരണം ചെയ്യേണ്ട അരിയുടെ അളവ് ചുവടെ സൂചിപ്പിക്കും പ്രകാരമാണ്.

| വിഭാഗം | ഭക്ഷ്യ ഭദ്രതാ അലവൻസ് അനുവദിക്കേണ്ട ദിവസങ്ങളുടെ എണ്ണം | കുട്ടിയൊന്നിന് അനുവദിക്കേണ്ട അരിയുടെ അളവ് |
|---|---|---|
| പ്രീ-പ്രൈമറി | 39 | 1 kg (rounded off) |
| പ്രൈമറി | 39 | 4 kg (rounded off) |
| അപ്പർ പ്രൈമറി | 44 | 7 kg (rounded off) |

2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണത്തിനാവശ്യമായ അരി സ്കൂളുകളിൽ നേരിട്ട് എത്തിച്ച് നൽകുവാൻ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്

നിർദ്ദേശം നൽകിയിട്ടുണ്ട്. അരിയുടെ ജില്ല തിരിച്ചുള്ള requirement ടി സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകൾക്ക് 2021 സെപ്തംബർ, ഒക്ടോബർ മാസങ്ങളിലെ ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണം നടത്തുന്നതിനാവശ്യമായ അരി **14.02.2022** നുള്ളിൽ പദ്ധതിയുടെ സ്റ്റേറ്റ് സോഫ്റ്റ്‌വെയർ മുഖാന്തിരം പാസ്സാക്കി ബന്ധപ്പെട്ട മാവേലി സ്റ്റോറുകളിൽ /ഡിപ്പോകളിൽ സമർപ്പിക്കേണ്ടതും ടി വിവരം സ്കൂളുകളെ അറിയിക്കേണ്ടതുമാണ്.

സോഫ്റ്റ്‌വെയർ മുഖേന അരിയുടെ ഇൻഡന്റ് പാസ്സാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**01.** സോഫ്റ്റ്‌വെയറിലെ 'Services' മെനു സെലക്ട് ചെയ്തതിന് ശേഷം 'Indent' മെനു ക്ലിക്ക് ചെയ്യുക. 'Indent section' ഓപ്പൺ ആകുന്നതാണ്.
**02.** Food Security Allowance ബട്ടൺ ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന വിൻഡോയിൽ month & year (Sep 2021 – Oct 2021) സെലക്ട് ചെയ്ത ശേഷം 'View' ബട്ടൺ ക്ലിക്ക് ചെയ്യുക. ഉപജില്ലയുടെ പരിധിയിൽ വരുന്ന സ്കൂളുകളുടെ ലിസ്റ്റും ഫീഡിങ് സ്ട്രെങ്ത്തും കാണാവുന്നതാണ്.
**03.**'Pass Indent' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ഇൻഡന്റ് പാസ്സാക്കാവുന്നതാണ്. തുടർന്ന് 'Indent' സെക്ഷനിലെ 'Print Food Security Allowance ബട്ടൺ ക്ലിക്ക് ചെയ്ത് month & year (Sep 2021– Oct 2021) സെലക്ട് ചെയ്ത ശേഷം 'Maveli Wise Indent View' ക്ലിക്ക് ചെയ്ത് ഇൻഡന്റിന്റെ പ്രിൻറ്ഔട്ട് എടുക്കാവുന്നതാണ്.

ഭക്ഷ്യ ഭദ്രതാ അലവൻസിന്റെ ഭാഗമായി, സെപ്തംബർ, ഒക്ടോബർ മാസങ്ങളിലെ അരിയോടൊപ്പം 2022 ജനുവരി മാസത്തെ അരി കൂടി സ്കൂളുകൾക്ക് വിതരണം ചെയ്യാവുന്നതാണ്. ഇത് സംബന്ധിച്ച് സ്കൂളുകൾക്കുള്ള നിർദ്ദേശങ്ങൾ വരും ദിവസങ്ങളിൽ പുറപ്പെടുവിക്കുന്നതാണ്.

Signature Not Verified

Digitally signed by
SANTHOSH C A
Date: 2022.02.09 19:36:17
IST
Reason: Approved
Location: ERNAKULAM

വിശ്വസ്തതയോടെ,

സി എ സന്തോഷ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി